**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഉപയോഗമില്ലാത്ത ഇലക്ട്രിക് ലൈനുകൾ നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പലയിടത്തും മുമ്പ് സ്വകാര്യ ഭൂമിയിൽ കൂടി വലിച്ചിരുന്ന ഇലക്ട്രിക് ലൈനുകൾ ഉപേക്ഷിച്ച് പുതിയ റോഡുകൾ വന്നപ്പോൾ പുതിയ ലൈനുകൾ വലിക്കുകയും പഴയ ലൈനുകൾ ഉപയോഗിക്കാതെ കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരം ഉപയോഗമില്ലാത്ത ലൈനുകൾ സംബന്ധിച്ച് ഒരു പഠനം നടത്തി കെ.എസ്.ഇ.ബി.യുടെ ചെലവിൽ പ്രസ്തുത ലൈനുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | ഉപയോഗമില്ലാത്ത ലൈനുകളിൽ ഭൂരി ഭാഗവും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ വ്യവസ്ഥകൾക്ക വിധേയമായി ഒഴിവാക്കിയിട്ടുള്ളതാണ്. 2018 മുതൽ 2021 വരെ കെ.എസ്.ഇ.ബി.എൽ തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ദ്യുതി 1 പദ്ധതിയിലും സുരക്ഷ മുൻനിർത്തി ഇത്തരത്തിലുള്ള 1045 കി.മീ ലൈനുകൾ ഒഴിവാക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ വിതരണ രംഗത്തു കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദ്യുതി 2 പദ്ധതിയിലും ഉപയോഗിക്കാതെ കിടക്കുന്ന 1875 കി.മീ ലൈനുകൾ കണ്ടെത്തി മാറ്റുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ